# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 134

11-06-2012 ൽ മറുപടിക്ക്

## എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസിലെ ജീവനക്കാരന്റെ മരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി.അയിഷാപോറ്റി | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) കൊട്ടാരക്കര എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസിലെ ജീവനക്കാരൻ ആഫീസ് പരിസരത്തു വച്ച് പാമ്പ് കടിയേറ്റ് മരിക്കാനിടയായ സാഹചര്യം വിശദമാക്കുമോ ; | എ) 21-05-2012- രാത്രി 8.04 മണിയോടു കൂടി, കൺട്രോൾ റൂം ഡ്യൂട്ടിയിൽ ഓഫീസിൽ ഹാജരുണ്ടായിരുന്ന പ്രിവന്റീവ് ഓഫീസർ ശ്രീ.എൽ.സുദർശനന് ആഫീസ് കെട്ടിടത്തിൽ വച്ച് പാമ്പു കടിയേറ്റു. ഉടൻ തന്നെ ചികിത്സയ്ക്കായി കൊട്ടിയം ഹോളി ക്രോസ് ആശുപത്രിയിൽ പ്രവേശിപ്പിയ്ക്കുകയും, 22-05-2012 പുലർച്ചെ 1.15 മണിയോടെ ടിയാൻ മരണപ്പെടുകയും ചെയ്തു. |
| ബി) സ്ഥലപരിമിതിയും കാടുമൂൾപ്പെട്ടതുമായ ആഫീസ് ചുറ്റുപാടും മരണത്തിന് കാരണമായിട്ടുണ്ടോ ; | ബി) കഴിഞ്ഞ 40 വർഷമായി വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന കൊട്ടാരക്കര എക്സൈസ് സർക്കിൾ ആഫീസിന് ചുറ്റുമതിൽ ഇല്ല. കൊട്ടാരക്കര എക്സൈസ് റേഞ്ച് ആഫീസിലെ വിവിധ കേസുകളിലെ തൊണ്ടി വക സാധനങ്ങൾ, കന്നാസുകൾ എന്നിവ, ബഹു: കോടതിയിൽ നിന്നും തീർപ്പ് കല്പിച്ച് ലേലം ചെയ്യേണ്ടതിനാൽ, ആയവ ടി പരിസരത്ത് സൂക്ഷിച്ചുവച്ചിട്ടുണ്ട്. ടി ആഫീസ് പുരയിടവും പരിസരവും കാടു പിടിച്ച് കിടന്നിരുന്നു. ഈ സാഹചര്യങ്ങൾ, ഇഴ ജന്തുക്കളുടെ സാമീപ്യം ഉണ്ടാക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. |

| | |
|---|---|
| സി) ശിലാസ്ഥാപനം നടത്തിയ നിർദ്ദിഷ്ട കൊട്ടാരക്കര എക്സൈസ് സമുച്ചയത്തിന്റെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | സി) 14-07-2009-ലെ ജി.ഒ(ആർ.റ്റി) നം.1046/09/ പി.ഡബ്ല്യു. ഡി. പ്രകാരം, കൊട്ടാരക്കര എക്സൈസ് സർക്കിൾ ഓഫീസ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനെതിരെ, ബഹു:കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസിൽ, 11-12-2010-ന് സ്റ്റേ ഉത്തരവാകുകയും, ടി ഉത്തരവ് പിന്നീട് പിൻവലിയ്ക്കുകയും ചെയ്തു. ഇപ്പോൾ, കെട്ടിട നിർമ്മാണത്തിനെതിരെ, ബഹു:കൊട്ടാരക്കര സബ്കോടതി മുമ്പാകെ ക്ഷേത്ര സംരക്ഷണ സമിതി ഫയൽ ചെയ്ത ഒ.എസ്.നം.128/11 എന്ന കേസ് നിലനിൽക്കുന്നുണ്ട്. അതേ സമയം, ടി കെട്ടിട നിർമ്മാണ പ്രവർത്തി റീ ടെൻഡർ ചെയ്യുന്ന നടപടികൾ നടന്നു വരികയുമാണ്. |

സെക്ഷൻ ഓഫീസർ